# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1540

11.2.2013-ൽ മറുപടിക്ക്

## ഫോഡർ പ്രൊമോട്ടർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ വിവിധ ബ്ലോക്കുകൾ ഫോഡർ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചു; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കി വന്നിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന തീറ്റപ്പുൽകൃഷി വികസന പദ്ധതി നടത്തിപ്പിൽ വകുപ്പുതല ഉദ്യോഗസ്ഥരെ സഹായിക്കുന്നതിന് വർഷം തോറും ആവശ്യകത അനുസരിച്ച് ഫോഡർ പ്രൊമോട്ടർമാരെ നിയോഗിച്ചു വരുന്നു. ഒരു ബ്ലോക്കിൽ ഒരാൾ എന്ന നിലയിലാണ് അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് വിവിധ ബ്ലോക്കുകളിലായി 2012-13 വർഷത്തിൽ 86 ഫോഡർ പ്രൊമോട്ടർമാരെ നിയമിച്ചു. പദ്ധതി രേഖയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചതു പ്രകാരം പ്രതിമാസം 3500/- രൂപ ഇൻസെന്റീവും ഓണം അഡ്വാൻസായി 1000/- രൂപയും ഇവർക്ക് നൽകിവരുന്നു. |
| (ബി) വിവിധ ബ്ലോക്കുകളിലായി ഇപ്പോൾ എത്രപേർ ഫോഡർ പ്രൊമോട്ടർമാരായി ജോലി നോക്കുന്നുണ്ട് ; ഇവരിൽ ആരെയെങ്കിലും പിരിച്ചു വിട്ടിട്ടുണ്ടോ: എങ്കിൽ പിരിച്ചു വിടാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) സംസ്ഥാനത്ത് വിവിധ ബ്ലോക്കുകളിലായി 2012-13 വർഷത്തിൽ 86 ഫോഡർ പ്രൊമോട്ടർമാരെ നിയമിച്ചു. ഫോഡർ പ്രൊമോട്ടർമാർ പദ്ധതി കാലയളവിലേക്ക് മാത്രമായി നിയോഗിക്കപ്പെടുന്നവരാകയാൽ പദ്ധതി കാലയളവ് അവസാനിക്കുന്നതോടെ അവരുടെ സേവനകാലവും അവസാനിക്കുകയാണ് ചെയ്യുന്നത്. |

| | |
|---|---|
| (സി) തീറ്റപ്പുൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പിരിച്ചുവിട്ട ഫോഡർ പ്രൊമോട്ടർമാരുടെ സേവനം വീണ്ടും പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയും വേഗം നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുമോ ? | (സി) ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷി (20 സെന്ററിന് മുകളിൽ & 20 സെന്റിൽ താഴെ), അസോളകൃഷി, വൃക്ഷ വിളകളുടെ കൃഷി, കോയിപ്രം മോഡൽ തീറ്റപ്പുൽകൃഷി ജലസേചന സൗകര്യത്തിനുള്ള സബ്സിഡി, യന്ത്രവത്ക്കരണത്തിന് സബ്സിഡി എന്നീ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. നടപ്പു വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വരുംവർഷങ്ങളിൽ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചശേഷം ഫോഡർ പ്രൊമോട്ടർ തെരഞ്ഞെടുപ്പിനായുള്ള നടപടികൾ അതാത് ജില്ലാ ഓഫീസർമാർ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ